# ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ നടപടി ഉത്തരവ്

വിഷയം:- ഇ.മെ.സ. വകുപ്പ് – സ്ഥാപനക്കാര്യം – പത്തനംതിട്ട ഇ.എസ്.ഐ. ഡിസ്പെൻസറിയിൽ ജീവനക്കാരെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:- സർക്കാർ ഉത്തരവ് (കൈ) നം. 43/2015/തൊഴിൽ തീയതി: 09.04.2015

ഉത്തരവ് നമ്പർ. ഇ$_2$-17562/2017/ഡി.ഐ.എം.എസ്. തീയതി: 11.09.2017

ഇ.എസ്.ഐ. പരിരക്ഷയുള്ള തൊഴിലാളികൾക്ക് കൂടുതൽ ചികിത്സാസൗകര്യം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി പത്തനംതിട്ട ജില്ലയിൽ ആരംഭിക്കുന്ന പുതിയ ഇ.എസ്.ഐ. ഡിസ്പെൻസറിയിലേക്ക് മറ്റു സ്ഥാപനങ്ങളിൽ നിന്ന് താഴെപ്പറയുന്ന ജീവനക്കാരെ അവരുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ സ്ഥലംമാറ്റി നിയമിച്ചുകൊണ്ട് ഇതിനാൽ ഉത്തരവാകുന്നു.

| | തസ്തിക | പേരും നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനവും |
|---|---|---|
| 1. | ക്ലർക്ക് | ശ്രീമതി ആശ ഐസക്<br>ഇൻഷുറൻസ് മെഡിക്കൽ സർവീസസ് വകുപ്പ് ഡയറക്ടറുടെ കാര്യാലയം |
| 2. | ഫാർമസിസ്റ്റ് ഗ്രേഡ് II | ശ്രീമതി മായ രവി<br>ഇ.എസ്.ഐ. ഡിസ്പെൻസറി, കടമ്പനാട് |
| 3. | സ്റ്റാഫ് നഴ്സ് ഗ്രേഡ് I | ശ്രീമതി ഹൈമ കൃഷ്ണൻ<br>ഇ.എസ്.ഐ. ഡിസ്പെൻസറി, ചെങ്ങന്നൂർ |

ടി ജീവനക്കാരെ 18.09.2017-ന് രാവിലെ പുതിയ സ്ഥാപനത്തിൽ ജോലിയിൽ പ്രവേശിക്കാവുന്ന വിധത്തിൽ നിലവിൽ ജോലി ചെയ്യുന്ന സ്ഥാപനങ്ങളിലെ മേലധികാരികൾ വിടുതൽ ചെയ്യേണ്ടതാണ്.

വിടുതൽ/ജോലിയിൽ പ്രവേശിച്ച വിവരം എന്നിവ യഥാസമയം അറിയിക്കേണ്ടതാണ്.

(ഒപ്പ്)
ഡോ. അജിത നായർ ആർ.
ഇൻഷുറൻസ് മെഡിക്കൽ സർവീസസ് ഡയറക്ടർ

സ്വീകർത്താവ്

ബന്ധപ്പെട്ട ജീവനക്കാർ (മേലധികാരികൾ മുഖേന)

പകർപ്പ്:-
1. മേഖല ഡെപ്യൂട്ടി ഡയറക്ടർ,ദക്ഷിണ മേഖല, കൊല്ലം
2. ഇൻഷുറൻസ് മെഡിക്കൽ ഓഫീസർ, ഇ.എസ്.ഐ. ഡിസ്പെൻസറി, ചെങ്ങന്നൂർ/കടമ്പനാട്/ചങ്ങനാശ്ശേരി
3. ഡയറക്ടറേറ്റിലെ എല്ലാ സെക്ഷൻ സൂപ്പർവൈസർമാർക്കും
4. ഇ$_4$, ഇ$_5$ സെക്ഷനുകൾ
5. ജെ.ഡി., സീനിയർ എ.ഒ.,സീനിയർ എഫ്.ഒ., ഡയറക്ടറുടെ സി.എ.
6. ഫയൽ/സ്റ്റോക്ക് ഫയൽ

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്